# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 391

12-06-2012-ൽ മറുപടിക്ക്

# വൈദ്യുതി നിരക്ക് വർദ്ധന

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. കെ. ബാലൻ. | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) 2011 മേയ് മാസത്തിന് ശേഷം എത്ര പ്രാവശ്യം വൈദ്യുതി സർചാർജ്ജ്, വൈദ്യുതി ചാർജ് എന്നിവയിൽ വർദ്ധന വരുത്തി; വർദ്ധനവിന്റെ വിശദാംശങ്ങൾ നൽകാമോ? | (എ) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ, 08.01.2010 ലെ ഉത്തരവിട്ടിട്ടുള്ള ഫ്യൂവൽ സർചാർജ് റെഗുലേഷൻ, 2009 പ്രകാരം, കെ.എസ്.ഇ.ബി., മൂന്ന് മാസത്തിലൊരിക്കൽ, ആ കാലയളവിൽ ഇന്ധന വിലയിൽ ഉള്ള വർദ്ധനവ് മൂലമുണ്ടായ അധിക സാമ്പത്തിക ബാധ്യത കമ്മീഷനെ ബോധ്യപ്പെടുത്തേണ്ടതാണ്. ടി ബാധ്യത ഫ്യൂവൽ സർചാർജ്ജായി ഉപഭോക്താക്കളിൽ നിന്ന് കമ്മീഷന്റെ ഉത്തരവിനു വിധേയമായി ഈടാക്കേണ്ടതാണെന്നും ടി നിയമം അനുശാസിക്കുന്നു.<br><br>ഈ നിയമപ്രകാരം 2009-10 സാമ്പത്തിക വർഷം മുതൽ തന്നെ വൈദ്യുതി ബോർഡ്, വൈദ്യുതി സർചാർജ്ജിനുള്ള പെറ്റീഷനുകൾ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച് വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും ഇതു തുടർന്നുകൊണ്ടിരിക്കുന്നു. 2011 ഏപ്രിൽ മാസം മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ അധിക സർചാർജ്ജായി 165.68 കോടി രൂപ ഈടാക്കുന്നതിനുള്ള പെറ്റീഷൻ 11.11.2011 ൽ സമർപ്പിച്ചിരുന്നു. എന്നാൽ 01.02.2012 ലെ ഉത്തരവ് പ്രകാരം 161.10 കോടി രൂപ, യൂണിറ്റൊന്നിന് 20 പൈസ നിരക്കിൽ |

2012 ഏപ്രിൽ 1- ാം തീയതി മുതൽ ഈടാക്കുവാൻ അനുവദിച്ചിട്ടുണ്ട്. പ്രതിമാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെ തെർമ്മൽ സർചാർജ്ജ് ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

2011 ഒക്ടോബർ മുതൽ ഡിസംബർ 2011 വരെയുള്ള കാലയളവിലുണ്ടായ അധിക സാമ്പത്തിക ബാധ്യതയായ 79.89 കോടി രൂപ നികത്തുന്നതിനുള്ള പെറ്റീഷൻ, 16.02.2012ൽ വൈദ്യുതി ബോർഡ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിരുന്നു. ടി പെറ്റീഷനു മേൽ 28.05.2012 ലെ ഉത്തരവിൻ പ്രകാരം 77.22 കോടി രൂപ ഇന്ധന സർചാർജ്ജായി അനുവദിക്കുകയും, ഈ തുക, 20 പൈസ നിരക്കിൽ, ഇന്ധന സർചാർജ്ജായി, 2012 ഒക്ടോബർ 1- ാം തീയതി മുതൽ 2012 ഡിസംബർ 31- ാം തീയതി വരെ പിരിച്ചെടുക്കുവാൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ 2012 ജനുവരി മുതൽ മാർച്ച് വരെയുള്ള കാലയളവിലുണ്ടായ അധിക ബാധ്യതയായ 72 കോടി രൂപ ഇന്ധന സർചാർജ്ജായി ഈടാക്കുന്നതിനുള്ള പെറ്റീഷൻ 07.05.2012ൽകമ്മീഷനു മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

ടി പെറ്റിഷനുമേൽ, കമ്മീഷൻ നാളിതുവരെ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

വൈദ്യുതി ചാർജ്ജ് ഇനത്തിൽ 2011 മെയ് മാസത്തിനു ശേഷം വർദ്ധനവ് ഒന്നും തന്നെ വരുത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ.